## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5392** **05-07-2024 - ൽ മറുപടിയ്ക്ക്**

## ആലത്തൂർ മണ്ഡലത്തിലെ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവയ്ക്ക് അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ; | (എ) | സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ സംസംസ്ഥാനത്തൊട്ടാകെയാണ് നടപ്പാക്കി വരുന്നത് നിയോജക മണ്ഡലം തിരിച്ച് പദ്ധതികൾ നടപ്പാക്കി വരുന്നില്ല.<br><br>സാമൂഹ്യനീതി ഡയറക്ടേറ്റ് മുഖേന സമൂഹത്തിലെ പാർശ്വവൽകൃത ജനവിഭാഗങ്ങളുടെ ഉന്നമനത്തിനും, ക്ഷേമത്തിനുമുള്ള വിവിധ പദ്ധതികൾക്കും , പുനരധിവാസ പ്രവർത്തനങ്ങൾക്കും ജില്ലാ തലത്തിലാണ് തുക വിനിയോഗിക്കുന്നത്.<br><br>2023-24 ,2024-25 സാമ്പത്തിക വർഷം നാളിതുവരെ ആലത്തൂർ മണ്ഡലം ഉൾപ്പെടുന്ന പാലക്കാട് ജില്ലയ്ക്ക് വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരം വർഷം തിരിച്ച് **അനുബന്ധമായി** ചേർക്കുന്നു.<br><br>സംസ്ഥാനത്ത് ദേശീയ ആരോഗ്യ ദൗത്യവുമായി ചേർന്ന് സ്റ്റേറ്റ് ഇൻഷ്യറ്റീവ് ഓൺ ഡിസെബിലിറ്റിസ് നടപ്പാക്കുന്ന 25 മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിച്ചു വരുന്ന MIU 1 എന്ന യൂണിറ്റിന്റെ സേവനം ആലത്തൂർ നിയോജക മണ്ഡലത്തിൽ കുഴൽമന്നം പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലും ആലത്തൂർ പഞ്ചായത്തിലെ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്നും അവയ്ക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടോയെന്നും വ്യക്തമാക്കുമോ? | (ബി) | ആലത്തൂർ മണ്ഡലത്തിൽ സാമൂഹ്യനീതി ഡയറക്ടേറ്റിന് കീഴിലുള്ള സർക്കാർ സ്ഥാപനങ്ങളൊന്നും പ്രവർത്തിച്ചു വരുന്നില്ല ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ളതും ഗ്രാന്റ് നൽകുന്നതുമായ രണ്ട് എൻ ജി ഒ സ്ഥാപനങ്ങൾ ടി മണ്ഡലത്തിൽ പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | 1.ദേവദാൻ സെന്റർ , അഞ്ചുമൂർത്തി , മംഗലംപാലം.<br>2.അനുഗ്രഹ ഭവൻ , ചിറ്റാടി. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**2023-24**

| | | | |
|---|---|---|---|
| 1 | വിദ്യാകിരണം | 18,00,000 | 18,00,000 |
| 2 | വിദ്യാജ്യോതി | 2,00,000 | 2,00,000 |
| 3 | പരിണയം | 7,30,000 | 6,90,000 |
| 4 | മാതൃജ്യോതി | 1,44,000 | 24,000 |
| 5 | സ്വാശ്രയ | 1,05,000 | 0 |
| 6 | വിജയാമൃതം | 42,000 | 42,000 |
| 7 | ഭിന്നശേഷി സ്കോളർഷിപ്പ് | 80,000 | 80,000 |
| 8 | മന്ദഹാസം | 1,90,000 | 1,90,000 |
| 9 | മിശ്രവിവാഹം | 4,50,000 | 3,90,000 |
| 10 | പ്രൊബേഷണർമാക്കുള്ള സ്വയംതൊഴിൽ ധനസഹായം | 1,50,000 | 90,000 |
| 11 | മുൻകുറ്റവാളികൾക്കുള്ള സ്വയംതൊഴിൽ ധനസഹായം | 45,000 | 30,000 |
| 12 | തടവുകാരുടെ ആശ്രിതർക്കുള്ള തൊഴിൽ ധനസഹായം | 2,70,000 | 1,50,000 |
| 13 | തടവുകാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം | 35,000 | 35,000 |
| 14 | അതിക്രമത്തിന് ഇരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം | 3000 | 0 |
| 15 | ജീവനം | 40,000 | 0 |
| 16 | മിത്രം | 30,000 | 11,895 |
| 17 | പുനർജ്ജനി | 10,50,375 | 10,40,925 |
| **2024-25** | | | |
| 1 | മിശ്ര വിവാഹം | 60,000 | 30,000 |
| 2 | പ്രൊബേഷണർമാക്കുള്ള സ്വയംതൊഴിൽ ധനസഹായം | 60,000 | 60,000 |

| | | | |
|---|---|---|---|
| 3 | തടവുകാരുടെ ആശ്രിതർക്കുള്ള തൊഴിൽ ധനസഹായം<br>തടവുകാരുടെ ആശ്രിതർക്കുള്ള തൊഴിൽ ധനസഹായം | 60,000 | 60,000 |
| 4 | പുനർജ്ജനി | 1,82,250 | 1,80,000 |